## പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 11** **30.11.2015-ന് മറുപടിക്ക്**

# വെള്ളായണി കായൽ കയ്യേറ്റം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീമതി. ജമീലാ പ്രകാശം | | ശ്രീ. ഉമ്മൻചാണ്ടി, (മുഖ്യമന്ത്രി) | |
| (എ) | വെള്ളായണി കായൽ അനധികൃത കയ്യേറ്റങ്ങൾ ഒഴിവാക്കുന്നതിനും കായലിനടിയിൽ തങ്ങളുടെ പട്ടയഭൂമി കിടക്കുന്ന കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നതിനും ശുദ്ധജല തടാകമായി സംരക്ഷിക്കുന്നതിനുമായി കർമ്മപദ്ധതി 2015 ജൂൺ മാസത്തിൽ സെന്റർ ഫോർ വാട്ടർ റിസോഴ്സസ് ഡെവലപ്പ്മെന്റ് മാനേജ്മെന്റ് സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; ആയത് ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ സംസ്ഥാനതല പരിശോധനാ സമിതി പരിശോധിച്ച് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ ; | (എ) | വെള്ളായണി കായൽ സംരക്ഷണവുമായി ബന്ധപ്പെട്ട മാനേജ്മെന്റ് ആക്ഷൻ പ്ളാൻ സെന്റർ ഫോർ വാട്ടർ റിസോഴ്സസ് ഡവലപ്പ്മെന്റ് മാനേജ്മെന്റ് സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ആയത് ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ സംസ്ഥാനതല പരിശോധനാ സമിതി 1.9.2015-ൽ പരിശോധിക്കുകയും റിപ്പോർട്ട് കേന്ദ്രസർക്കാരിന് സമർപ്പിക്കുന്നതിലേയ്ക്കായി കൂടുതൽ വിവരങ്ങൾ ഉൾപ്പെടുത്തേണ്ടതുള്ളതിനാൽ ബന്ധപ്പെട്ട വകുപ്പുകളോട് അഭിപ്രായം തേടിയിരിക്കുകയുമാണ്. |
| (ബി) | എങ്കിൽ അത് സംബന്ധിച്ച് സ്വീകരിച്ച തുടർനടപടികളുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ ? | (ബി) | കായൽ കയ്യേറ്റം, പട്ടയഭൂമിയുടെ വിസ്തൃതി എന്നിവ സംബന്ധിച്ച വിശദാംശം എത്രയും പെട്ടെന്ന് ലഭ്യമാക്കുവാൻ തിരുവനന്തപുരം ജില്ലാകളക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഈ വിഷയം ചർച്ച ചെയ്യുന്നതിനായി 1.12.2015-ന് ബഹു.വനം-പരിസ്ഥിതി വകുപ്പ് മന്ത്രി ബന്ധപ്പെട്ട ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും ഒരു യോഗം വിളിച്ചുചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ